(ബി) 2015 ഫെബ്രുവരി 28 വരെയുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും, എക്സ്പെൻഡിച്ചറിന്റെ ശതമാനവും ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കുമോ ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക, നാളിതുവരെ ചെലവഴിച്ച തുക എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം വകുപ്പുകൾക്ക് വിവിധ ധനാഭ്യർത്ഥന കളിലായി പദ്ധതി, പദ്ധതിയേതര ഇനങ്ങളിലായി വകയിരുത്തിയ വിഹിതം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക, 2015 ജനുവരി വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

നിതാഖാതുമൂലം മടങ്ങുന്ന പ്രവാസികൾക്ക് പലിശരഹിത വായ്പ

150 (496) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖാതുമൂലം മടങ്ങുന്ന പ്രവാസികൾക്ക് വ്യവസായം തുടങ്ങാൻ 20 ലക്ഷം രൂപവരെ പലിശരഹിത വായ്പ നൽകുമെന്ന് ആഗോള പ്രവാസി സമ്മേളനത്തിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നോ ;

(ബി) ഇതുവരെ എത്ര തുക പലിശരഹിത വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പ്രവാസി വ്യവസായ സംരംഭങ്ങൾക്ക് 10% വരെ സർക്കാർ മൂലധന പങ്കാളിത്തം ധനമന്ത്രി പ്രഖ്യാപിച്ചിരുന്നോ ;

(ഡി) ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി - ഡി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ ധനവകുപ്പിൽ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly